ഈ വ്യവസായത്തെ ഇനിയും ഞെരിച്ച് അവസാനിപ്പിക്കരുത് എന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നികുതി ഘടനയുടെ ഫലമായി നോട്ട്ബുക്ക് സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടെന്ന് എനിക്ക് വിശ്വാസമില്ല. കാരണം ഈ സംസ്ഥാനത്തെ നോട്ട്ബുക്കിനെ സംബന്ധിച്ചിടത്തോളം നോട്ട്ബുക്ക് നിർമ്മിച്ച് വിപണിയിൽ ഇറക്കുമ്പോഴും ആദ്യത്തെ പോയിന്റിൽ ഏഴ് ശതമാനം നികുതിക്ക് വിധേയമാണ് സംസ്ഥാനത്തിന് പുറത്തുനിന്ന് നോട്ട്ബുക്ക് ഇങ്ങോട്ട് വന്ന് ഇവിടെ വിൽപ്പന നടത്തുമ്പോഴും ആദ്യത്തെ ഘട്ടത്തിൽ ഏഴ് ശതമാനം നികുതിക്ക് വിധേയമാണ് മറ്റ് സംസ്ഥാനങ്ങൾക്കെത്തെ കാര്യം എനിക്കറിഞ്ഞുകൂടാ; ഞാൻ അതിലേക്ക് പ്രവേശിക്കുന്നില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇതരള്ള സംസ്ഥാനത്തിലേക്ക് വരുന്ന നോട്ട്ബുക്ക് ഇവിടത്തെ റേറ്റ് അനുസരിച്ച് നികുതിക്ക് വിധേയമായതുകൊണ്ട് എന്തെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ടുകൾക്ക് വിധേയമാകുന്നില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. തന്നെയുമല്ല, ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം മറ്റ് ചില ആനുകൂല്യങ്ങളും കൂടി 1982-83-ലെ ബഡ്ജറിൽ കൊടുത്തിട്ടുണ്ട്. അതായത് റോമെറ്റീരിയൽസിന് നാല് ശതമാനം നികുതിയാക്കി വെട്ടിക്കുറയ്ക്കുകയുണ്ടായി. നോട്ടുബുക്ക് നിർമ്മിക്കുന്നതിനുവേണ്ടി വാങ്ങിക്കുന്ന കടലാസിൻമേൽ ഉയർന്ന നിരക്കിൽ ഉണ്ടായിരുന്ന നികുതി പോലും 82-83-ൽ വെട്ടിക്കുറച്ച് നാല് ശതമാനമാക്കുകയുണ്ടായി. തന്നെയുമല്ല 1-4-1979-ന് ശേഷം ആരംഭിച്ചിട്ടുള്ള ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അഞ്ച് വർഷക്കാലത്തേക്ക് വിൽപ്പന നികുതിയിൽ നിന്നുംപൂർണ്ണമായി ഒഴിവ് നൽകിയിട്ടുള്ളതുകൊണ്ട് ചെറുകിട സ്ഥാപനങ്ങൾക്ക് അതിനേറെയും പ്രയോജനം ലഭിക്കുന്നുണ്ട്: ഇങ്ങനെയുള്ള പല കാരണങ്ങളും വച്ച് അപഗ്രഥനം ചെയ്യുമ്പോൾ സംസ്ഥാനത്തെ നോട്ട്ബുക്ക് നിർമ്മിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലുമൊരു പ്രതിസന്ധി നികുതി ഘടനയുടെ ഫലമായി ഉണ്ടായിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമില്ല. എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ സർക്കാരിന് അത് പരിശോധിക്കാവുന്നതാണ്.

(4) ശ്രീ. എം. എം. ഹസ്സന്റെ തിരുവനന്തപുരം ഡി. സി. സി. (ഐ) ജനറൽ സെക്രട്ടറിയായ ശ്രീ. നെയ്യാറിൻകര ശശിയുടെ നേർക്കുണ്ടായ ആർ. എസ്. എസ്. ആക്രമണം

ശ്രീ. എം. എം. ഹസ്സൻ: സർ, ഇക്കഴിഞ്ഞ 13-ാം തീയതി രാത്രി നെയ്യാറിൻകര വെച്ച് തിരുവനന്തപുരം ജില്ലാ കോൺഗ്രസ് (ഐ) കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയായ ശ്രീമാൻ നെയ്യാറിൻകര ശശിയെ ഒരു സംഘം ആർ. എസ്. എസ്. കാർ വളരെ ക്രൂരവും പൈശാചികവുമായ രീതിയിൽ മർദ്ദിച്ചു. അദ്ദേഹം അവശനിലയിൽ ഇപ്പോഴും മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻറൻസീവ് കെയർ യൂണിറ്റിൽ കിടക്കുകയാണ്. മരണവുമായിതന്നെ മല്ലിടുന്ന മണിക്കൂറുകളാണ് അദ്ദേഹം തള്ളിനീക്കികൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രകോപനങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ 13-ാം തീയതി രാത്രി ശ്രീമാൻ നെയ്യാറിൻകര ശശി തിരുവനന്തപുരത്തുനിന്ന് ബസ്സിൽ വന്നിറങ്ങി സ്വദേശാഭിമാനി പാർക്കിന്റെ മുമ്പിൽ നിന്ന് അയ്യപ്പൻ എന്നുപേരുള്ള ഒരു ആർ. എസ്. എസ്. പ്രവർത്തകനുമായി സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് അടുത്തുള്ള ക്ഷേത്രപരിസരത്തുനിന്ന് ഇരുപത്തിയഞ്ചോളം ആർ. എസ്. എസ്. കാർ കടന്നുവന്ന് അദ്ദേഹത്തെ വളരെ ക്രൂരമായി മർദ്ദിച്ചത്. അദ്ദേഹത്തിന്റെ തലച്ചോറിനു ക്ഷതം ഏറ്റിട്ടുണ്ട്, മരണവുമായി മല്ലിട്ടുകൊണ്ടിരിക്കുകയാണ്. ശ്രീമാൻ നെയ്യാറിൻകര ശശിയുടെ രാഷ്ട്രീയ പ്രവർത്തനങ്ങളും അറിയാവുന്ന പല ആളുകളും ഈ സഭയിൽ തന്നെ ഉണ്ട്. വളരെ സാധാരണപരമായ നിലയിൽ എല്ലാവിഭാഗം ആളുകളുടെയും പ്രശംസ പിടിച്ചു പറ്റുന്ന രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ഒരാളാണ്. അദ്ദേഹം ആരേയും പ്രത്യേകിച്ച് ഉപദ്രവിക്കുന്ന ആളല്ല. അങ്ങനെയുള്ള രാഷ്ട്രീയ പ്രവർത്തകനെ, കോൺഗ്രസ് (ഐ) യുടെ ജില്ലാ സെക്രട്ടറിയെ വളരെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ ഉത്തരവാദികളായ മുഴുവൻ ആളുകളേയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വളരെ കർശനമായ നടപടികളും ഇക്കാര്യത്തിൽ കൈക്കൊള്ളണം. തിരുവനന്തപുരം ജില്ലയിലെ നെയ്യാറിൻകര താലൂക്കിന്റെ പല ഭാഗങ്ങളിലും ആർ. എസ്. എസ്. കാർ അഴിച്ചു വിട്ടുകൊണ്ടിരിക്കുന്ന ഈ ആക്രമണങ്ങളെ തടയുന്നതിനും കുറ്റവാളികളെ പിടിച്ച് ഉടൻതന്നെ നടപടി സ്വീകരിക്കുന്നതിനും കർശനമായ നടപടികളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. സാധാരണ കേസന്വേഷിക്കുന്നതുപോലെ ഒരു പതിവ് അന്വേഷണംകൊണ്ട് ഇക്കാര്യത്തിൽ തൃപ്തി ഉണ്ടാവില്ല. കർശനമായ നടപടികളിലൂടെ വളരെ കൃത്യമായ അന്വേഷണം ഇക്കാര്യത്തിൽ നടത്തണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പ് മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, നെയ്യാറിൻകര താലൂക്കിൽ കഴിഞ്ഞ കുറെ നാളുകളായി ആർ. എസ്. എസ്. കാർ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ അക്രമപ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പോലീസ്തന്നെ പല നടപടികളും ഇടക്കിടക്ക് സ്വീകരിക്കുകയും കളക്ടർ ചില അവസരങ്ങളിൽ യോഗം വിളിച്ചുകൂട്ടി അനുരഞ്ജന സംഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഈ 13-ാം തീയതി ഉണ്ടായ സംഭവത്തെക്കുറിച്ച് പറയുകയാണെങ്കിൽ തിരുവനന്തപുരത്തുനിന്ന് ബസ്സിൽ വന്നിറങ്ങി സ്വന്തം വീട്ടിലേയ്ക്ക് പതിവുപോലെ രാത്രി നടക്കുകയായിരുന്ന ശ്രീ. ശശിയെ കരുതിക്കൂട്ടിയ ഒരു ആസൂത്രണ പരിപാടിയുടെ അടിസ്ഥാനത്തിൽ ആക്രമിച്ചു എന്നാണ് സംശയിക്കേണ്ടിയിരിക്കുന്നത്. അദ്ദേഹത്തെ കൊലപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ആക്രമികൾ ആക്രമിച്ചത്. തലക്കേറ്റ മാരകമായ മുറിവും മുഖത്തിനും മറ്റും പറ്റിയിട്ടുള്ള മുറിവും ഗുരുതരമായ ഒന്നാണെന്നാണ് ഡോക്ടർമാരിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ ഇൻറൻസീവ് കെയർ യൂണിറ്റിലാണ് അദ്ദേഹത്തെ കിടത്തിയിട്ടുള്ളത്. ഈ ക്രൂരമായ ആക്രമണം നടത്തുന്നതിന് യാതൊരുവിധമായ പ്രകോപനമോ സാഹചര്യമോ അവിടെ ഉണ്ടായിരുന്നില്ല. ഏതായാലും പോലീസ് ഇതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലയുടെ മറ്റു പല ഭാഗങ്ങളിലും ആക്രമികൾ കളിച്ചിരിക്കുന്നത് തടയുന്നതിനും അങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആക്രമികളെ മുഴുവൻ കസ്റ്റഡിയിലെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആളു് അറിയാതിരിക്കുന്നതിനുവേണ്ടി ഈ ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നും നെയ്യാറിൻകരയിലേക്ക് വന്ന ആക്രമികളാണ് ഇതു് ചെയ്തിട്ടുള്ളതെന്നു് ഗവൺമെൻറ് സംശയിക്കുന്നു. അവരെയും തെരഞ്ഞു കൊണ്ടിരിക്കുന്നു. അതിൻെറ അടിസ്ഥാനത്തിൽ ക്രൈം 454/85 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 307-ാം വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളാണ് അതിലുള്ളതു്. കാരണം അത്രയ്ക്ക് ഗുരുതരമായ രീതിയിലുള്ള ആക്രമങ്ങൾ നടന്നിട്ടുള്ളതുകൊണ്ടാണ് ഈ വകുപ്പുകളനുസരിച്ചുള്ള കേസുകൾ എടുത്തിട്ടുള്ളതു്.

ഈ അക്രമങ്ങൾ അവസാനിപ്പിക്കാനും രാഷ്ട്രീയ പ്രവർത്തകരുടെ നേരെ നടത്തുന്ന ഈ കൈയ്യേറ്റങ്ങൾ ഏതു് ഭാഗത്തുനിന്ന് ഉണ്ടായാലും അതു് തടയുന്നതിനുമാവശ്യമായ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ നടപടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

V. നിയമനിർമ്മാണ കാര്യം

ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ—ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം—തുടർച്ച

ശ്രീ. ബേബി ജോൺ: അങ്ങയുടെ അനുമതിയോടുകൂടി വളരെ പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും അതിൻമേൽ റൂളിംഗ് ഉണ്ടാകുന്നതിനുവേണ്ടിയുമാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. കഴിഞ്ഞ ദിവസം ഈ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരിക്കുന്ന അവസരത്തിൽ ഇടയ്ക്ക് ഒരു വിവാദമുണ്ടായി. ഇപ്പോൾ ചർച്ച ചെയ്യുന്ന ബിൽ The Kerala Water and Waste Water Bill, 1984 ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാനായിട്ട് കൊണ്ടുവന്ന ഒരു ബില്ലാണ്. അതിൻെറ ഒബ്ജക്ട്സ് ആൻറ് റീസൺസിൽ പറയുന്നതു്.

"As it was considered necessary to give effect to the proposal immediately and as the Legislative Assembly was not in session, the Kerala Water and Waste Water Ordinance, 1984 (14 of 1984) was promulgated by the Governor on the 1st day of February, 1984 ഒബ്ജക്ട്സ് ആൻറ് റീസൺസിൽ ഇതിനെക്കുറിച്ച് പറയുന്നതു് 1984-ലെ 14-ാം നമ്പർ ഓർഡിനൻസ് റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടിയാണെന്നാണ്. 71. Repeal and saving-(1) The Water and Waste Water Ordinance, 1984 (14 of 1984), is revealed എന്നാണ് പറയുന്നതു്. ഇതിനെക്കുറിച്ച് ഒരു ചെറിയ വാദം സഭയിൽ വന്ന അവസരത്തിൽ പറഞ്ഞതു് ഇതു് നിയമപ്രകാരം ആകാവുന്നതാണെന്നാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം അങ്ങയുടെ ഔദാര്യം കൊണ്ട് ഈ ബിൽ ചർച്ച ചെയ്യാൻ അങ്ങു് അനുവദിച്ചു. അല്ലാതെ ഇല്ലാത്ത ഒരു ഓർഡിനൻസാണ്. 1984-ലെ 14-ാം നമ്പർ ഓർഡിനൻസ് എന്നാണ് ഇവിടെ പറയുന്നതു്. ഇതു് ആകാം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ഇതിനെ സംബന്ധിച്ചു് ചർച്ച നടക്കുമ്പോൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു സ്പീക്കർ ചെയറിലിരുന്ന അവസരത്തിൽ ചർച്ച തുടങ്ങിയതാണ്. ഇനി മെമ്പർമാർക്കു് ഇതിനെക്കുറിച്ച് എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly